നികുതി ഇളവുകൾ അനുവദിക്കുകമൂലം എസ്. എസ്. ഐ. യൂണിറ്റുകൾക്കുണ്ടായ ഗുണങ്ങൾ

21 [3883] *ശ്രീ. എം. എ. ചന്ദ്രശേഖരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്. എസ്. ഐ. യൂണിറ്റുകളും ഖാദി ഗ്രാമീണ വ്യവസായ യൂണിറ്റുകളും വിൽപ്പന നികുതി ഈടാക്കുന്നതിനും നൽകുന്നതിനും ജനുവരി 2000 വരെ അനുവദിച്ചിരുന്ന ഇളവുകൾ എന്തൊക്കെ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഇളവുകൾ അനുവദിച്ചതിന് പിന്നിലുള്ള ഉദ്ദേശം എന്തായിരുന്നു;

(സി) കെ. ജി. എസ്. റ്റി. ആക്ടിലെ ഏത് വ്യവസ്ഥകൾ പ്രകാരമാണ് ഈ ഇളവുകൾ നൽകിയിരുന്നത്;

(ഡി) ഈ ഇളവുകൾമൂലം ഇത്തരം യൂണിറ്റുകൾക്ക് ഉണ്ടായിരുന്ന മെച്ചം എന്തായിരുന്നു?

ഉത്തരം

(എ) സംസ്ഥാനത്തെ ഖാദി ഗ്രാമീണ വ്യവസായ യൂണിറ്റുകളെ അവർ ഉല്പാദിപ്പിച്ച് റില്ക്കുന്ന ഉല്പന്നങ്ങളുടെ വിറ്റുവരവിനെയും, ഉല്പാദനത്തിനു പയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ മേലുള്ള വാങ്ങൽ നികുതിയേയും 31-3-1998 വരെ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിരുന്നു. 1-4-1998 മുതൽ ഈ ഇളവ് വാർഷിക വിറ്റു വരവ് 25 ലക്ഷത്തിനു താഴെയുള്ള യൂണിറ്റുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി. എന്നാൽ 1-8-1998 മുതൽ വാർഷിക വിറ്റുവരവിന്റെ പരിധി എടുത്തു കളയുകയും നികുതി ഇളവ് എല്ലാ യൂണിറ്റുകൾക്കും വീണ്ടും ബാധകമാക്കുകയും ചെയ്തു. ഈ ഇളവ് 31-12-1999 വരെ നിലനിന്നു. 1-1-2000 മുതൽ വാർഷിക വിറ്റുവരവ് 10 ലക്ഷത്തിനു കവിയാത്ത യൂണിറ്റുകൾക്കായി ഇളവ് വീണ്ടും പരിമിതപ്പെടുത്തി. എസ്. എസ്. ഐ. യൂണിറ്റുകളെ അവർ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ നികുതിയേയും, ഉല്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ മേലുള്ള വാങ്ങൽ നികുതിയേയും ചില നിബന്ധനകൾക്ക് വിധേയമായി എസ്. ആർ. ഒ. 1729/93 പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) പൊതുജനതാൽപര്യം മുൻനിർത്തിയും, ഖാദി വ്യവസായങ്ങളെയും ചെറുകിട വ്യവസായങ്ങളെയും പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ഇത്തരം നികുതി ഇളവുകൾ അനുവദിച്ചത്.

(സി) കെ. ജി. എസ്. റ്റി. ആക്ടിലെ 10-ാം വകുപ്പ് അനുസരിച്ചാണ് ഈ ഇളവുകൾ അനുവദിച്ചത്.

(ഡി) ഇതുമൂലം ഇത്തരം യൂണിറ്റുകൾക്ക് അവരുടെ ഉല്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly